ഉത്തരം

(എ) 31.03.2000-ലെ മൂലധന നിക്ഷേപം 115,19,64,944/- രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ മൂലധനം 23,21,03,544/- രൂപയാണ്. സംസ്ഥാന സർക്കാരിന്റെ മൂലധനം 91,95,61,400/- രൂപയാണ്.

(സി) ഇല്ല.

(ഡി) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഡിവിഡന്റ് കൊടുക്കേണ്ടതില്ല.

വർക്കലയിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി

99(1030) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിലേയ്ക്ക് മറ്റു പ്രധാന കേന്ദ്രങ്ങളിൽനിന്നും കെ. എസ്.ആർ.ടി.സി. ബസ്സുകൾ ആവശ്യത്തിന് സർവ്വീസ് നടത്തുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനും കന്യാകുമാരി-വർക്കല-പൊൻമുടി വർക്കല എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർക്കലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.യുടെ വിവിധ കേന്ദ്രങ്ങളിൽനിന്നും ദിനംപ്രതി 50 ട്രിപ്പുകൾ ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മോശമായ വരുമാനം കാരണം നിർത്തലാക്കിയ സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ തമ്മിൽ ഏർപ്പെടുത്തുന്ന കരാറനുസരിച്ചാണ്. കന്യാകുമാരി-വർക്കല റൂട്ട് കരാറുകളില്ല. ചെറിയ വീൽബേസ് ഉള്ള വണ്ടികളുടെ ദൗർലഭ്യം കാരണം പൊൻമുടി വർക്കല സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ശോച്യാവസ്ഥ

100(1031) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബസ് സ്റ്റേഷൻ കോമ്പൗണ്ടിലും ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെയും അറ്റകുറ്റപ്പണി നടത്തി ബലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly